**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 514

01.12.2015-ലെ മറുപടിയ്ക്ക്

**സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.ടി.എൻ. പ്രതാപൻ<br>,, പി.എ.മാധവൻ<br>,, പാലോട് രവി<br>,, ജോസഫ് വാഴയ്ക്കൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) |
| (എ) സഹകരണ മേഖലയിൽ സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) സഹകരണ മേഖലയിൽ നിക്ഷേപങ്ങൾക്ക് സുരക്ഷ നൽകുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012 ഈ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുകയാണ് സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ ലക്ഷ്യം. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന നിക്ഷേപം സ്വീകരിക്കുന്നതുമായ എല്ലാ സഹകരണ സംഘങ്ങളിലും ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപ വരെ ഗ്യാരന്റി നൽകുന്നതിനായി നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പിലാക്കുക എന്നതാണ് നിക്ഷേപ ഗ്യാരന്റി ബോർഡിന്റെ പ്രവർത്തനത്തിലൂടെ |

ഉദ്ദേശിക്കുന്നത്. വായ്പാ സംഘങ്ങളിലെ നിക്ഷേപകരുടെ നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുക, അതുവഴി നിക്ഷേപകർക്ക് സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുക, കൂടുതൽ നിക്ഷേപകരെ ആകർഷിക്കുക തുടങ്ങിയവയാണ് ബോർഡിന്റെ മുഖ്യലക്ഷ്യങ്ങൾ.

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

(സി) സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം ഫലപ്രദമായി നടപ്പാക്കാൻ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചു. നിക്ഷേപ ഗ്യാരന്റി സ്കീം ബാധകമായ എല്ലാ സഹകരണ സംഘങ്ങളും പ്രസ്തുത സ്കീമിൽ ചേരണമെന്നും സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾക്ക് നിക്ഷേപം സ്വീകരിക്കാനുള്ള അവകാശം നഷ്ടമാകുമെന്നും, സ്കീമിൽ ചേരാത്ത സഹകരണ സംഘങ്ങൾ നിക്ഷേപം സ്വീകരിക്കുന്നതിൽ നിന്നും വിലക്ക് കൽപ്പിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാറെ അധികാരപ്പെടുത്തി വ്യവസ്ഥ ഉൾപ്പെടുത്തിയും കേരള സഹകരണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ ആവശ്യമായ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം - II.

1. കേരള സംസ്ഥാന സഹകരണ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ(**മിൽമാ**)
2. കേരള സംസ്ഥാന ഹാൻഡ് ലൂം വീവേഴ്സ് സഹകരണ സൊസൈറ്റീസ്(**ഹാൻഡെക്സ്**)
3. കേരള സംസ്ഥാന സഹകരണ കയർ മാർക്കറ്റിംഗ് ഫെഡറേഷൻ(**കയർ ഫെഡ്**)
4. കേരള സംസ്ഥാന ഹാൻഡിക്രാഫ്റ്റ്സ് അപ്പക്സ് സഹകരണ സൊസൈറ്റി(**സുരഭി**)
5. **കേരള സംസ്ഥാന സഹകരണ ഫിഷ**റീസ് ഡെവലപ്പ്മെന്റ് ഫെഡറേഷൻ(**മത്സ്യഫെഡ്**)
6. കേരള സംസ്ഥാന കാഷ്യൂ വർക്കേഴ്സ് സഹകരണ ഫെഡറേഷൻ(**കാപെക്സ്**)
7. കേരള സംസ്ഥാന റൂറൽ വനിതാ ഇലക്ട്രോണിക് വ്യവസായ സഹകരണ ഫെഡറേഷൻ(**റൂട്രോണിക്സ്**)
8. കേരള സംസ്ഥാന സഹകരണ ടെക്സ്റ്റൈയിൽ ഫെഡറേഷൻ(**ടെക്സ്ഫെഡ്**)
9. കേരള കേരകർഷക സഹകരണ ഫെഡറേഷൻ(**കേരഫെഡ്**)

അനുബന്ധം III

തുക ലക്ഷത്തിൽ

| ക്രമ നം | സ്ഥാപനം | ആഡിറ്റ് വർഷം | ഓഹരി മൂലധനം | കടബാധ്യത (ഓഹരി ഒഴികെ) | അറ്റ ലാഭം | അറ്റ നഷ്ടം |
|---|---|---|---|---|---|---|
| 1 | കേരള സംസ്ഥാന സഹകരണ ബാങ്ക് | 2014-15 | 67873.80 | 696184.88 | | 35416.81 |
| 2 | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് | 2014-15 | 14212.05 | 444709.91 | (+)2341.18 | - |
| 3 | കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ | 2011-12 | 5632.32 | 47188.86 | - | 12822.56 |
| 4 | കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ | 2014-15 | 480.75 | 17668.19 | - | 22973.21 |
| 5 | കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ | 2013-14 | 2092.67 | 6121.51 | - | 16524.41 |
| 6 | കേരള സംസ്ഥാന സഹകരണ ടൂറിസം ഫെഡറേഷൻ | 2014-15 | 26.05 | 20.00 | - | 7.73 |
| 7 | കേരള സംസ്ഥാന പട്ടിക ജാതി/പട്ടിക വർഗ്ഗ ഡവലപ്പ്മെന്റ് സഹകരണ ഫെഡറേഷൻ | 2011-12 | 435.59 | 114.76 | - | 734.09 |
| 8 | കേരള സംസ്ഥാന സഹകരണ വനിതാ ഫെഡറേഷൻ | 2014-15 | 50.79 | - | - | 60.77 |
| 9 | കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ | 2014-15 | 5597.28 | 33317.19 | (+)73.61 | - |
| 10 | കേരള സംസ്ഥാന സഹകരണ ഹോസ്പിറ്റൽ ഫെഡറേഷൻ | 2014-15 | 6.60 | 195.16 | - | 248.98 |
| 11 | കേരള സംസ്ഥാന സഹകരണ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ | 2014-15 | 4786.21 | 7326.17 | (+)20.12 | - |

| | | | | | | |
|---|---|---|---|---|---|---|
| | കേരള സംസ്ഥാന ഹാന്റ്ലൂം വീവേഴ്സ് സഹകരണ സൊസൈറ്റി | 2014-15 | 4771.05 | 2186.37 | - | 18057.41 |
| 13 | കേരള സംസ്ഥാന സഹകരണ കയർ മാർക്കറ്റിംഗ് ഫെഡറേഷൻ | 2013-14 | 3873.74 | 3948.31 | - | 7966.62 |
| 4 | കേരള സംസ്ഥാന ഹാന്റിക്രാഫ്റ്റ് അപ്പക്സ് സഹകരണ സൊസൈറ്റി | 2014-15 | 208.61 | 57.14 | - | 584.59 |
| 15 | കേരള സംസ്ഥാന സഹകരണ ഫിഷറീസ് ഡെവലപ്പ്മെന്റ് ഫെഡറേഷൻ | 2014-15 | 9315.21 | 28336.51 | (+)86.62 | - |
| 6 | കേരള സംസ്ഥാന ക്യാഷ്യൂ വർക്കേഴ്സ് സഹകരണ ഫെഡറേഷൻ * | 1997-98 | 31.25 | 8594.48 | - | 4410.65 |
| 7 | കേരള സംസ്ഥാന റൂറൽ വിമെൻ ഇലക്ട്രോണിക്സ് വ്യവസായ സഹകരണ ഫെഡറേഷൻ | 2012-13 | 4.50 | 105.62 | - | 429.44 |
| 8 | കേരള സംസ്ഥാന സഹകരണ ടെക്സ്റ്റയിൽ ഫെഡറേഷൻ | 2014-15 | 5.36 | 12968.04 | - | 1189.99 |
| 9 | കേരള കേര കർഷക സഹകരണ ഫെഡറേഷൻ | 2013-14 | 5466.15 | 4291.95 | - | 95.31 |
| | കേരള സംസ്ഥാന സഹകരണ ലേബർ ഫെഡറേഷൻ | ലേബർ ഫെഡറേഷൻ പുതിയതായി രജിസ്റ്റർ ചെയ്ത സ്ഥാപനം ആയതിനാൽ ആഡിറ്റ് ആരംഭിച്ചിട്ടില്ലായെന്നും അറിയിക്കുന്നു. | | | | |